# പതിനാലാം കേരള നിയമസഭ

## നാലാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.3360 13.03.17 ൽ മറുപടിയ്ക്ക്

**പുതിയ ലൈസൻസ് ടെസ്റ്റ് രീതികൾ**

| ചോദ്യം<br>ശ്രീ. ടി.വി. ഇബ്രാഹിം | | ഉത്തരം<br>ശ്രീ. എ.കെ. ശശീന്ദ്രൻ<br>(ഗതാഗത വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ടൂ വീലർ/ ത്രീ വീലർ/ഫോർ വീലർ/ഹെവി ലൈസൻസ് എടുക്കുന്നതിന് വേണ്ടിയുള്ള തിയറി, പ്രാക്ടിക്കൽ ടെസ്റ്റുകളിൽ മാറ്റം വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ പുതിയ ടെസ്റ്റ് രീതികൾ വിശദമാക്കാമോ; | (എ) | ടൂ വീലർ/ ത്രീ വീലർ/ഫോർ വീലർ/ഹെവി ലൈസൻസ് എടുക്കുന്നതിന് പ്രാക്ടിക്കൽ ടെസ്റ്റുകളിൽ മാറ്റം വരുത്തിയിട്ടുണ്ട്. 01.04.2017 മുതൽ കമ്പ്യൂട്ടർ അധിഷ്ഠിത ടെസ്റ്റിംഗ് കേന്ദ്രങ്ങളിൽ ഗ്രേഡിയന്റ് ടെസ്റ്റ്, ആംഗുലാർ റിവേഴ്സ് പാർക്കിംഗ് എന്നിവ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. |
| (ബി) | പുതിയ രീതി സ്വീകരിക്കുന്നത് ഏതെങ്കിലും കണ്ടെത്തലിന്റെയോ പഠന റിപ്പോർട്ടിന്റെയോ അടിസ്ഥാനത്തിലാണോ; ആണെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ | (ബി) | അനുദിനം വർദ്ധിച്ചു വരുന്ന റോഡപകടങ്ങൾ കണക്കിലെടുത്ത് വകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ നടത്തിയ ചർച്ചയുടെ അടിസ്ഥാനത്തിൽ റോഡ് സുരക്ഷയിൽ ഏറ്റവും പ്രധാനപ്പെട്ട ഘടകം വാഹനം ഓടിക്കുന്നവരുടെ ഡ്രൈവിംഗിലുള്ള പ്രാവീണ്യമാണെന്ന് മനസ്സിലാക്കുകയും, കേന്ദ്ര മോട്ടോർവാഹന ചട്ടം 15 പ്രകാരം ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് വിധേയമാക്കേണ്ട പരിശോധനകളുടെയും അടിസ്ഥാനത്തിലാണ് പുതിയ ഡ്രൈവിംഗ് ടെസ്റ്റ് രീതി ആവിഷ്കരിച്ചിരിക്കുന്നത്. സുപ്രീം കോടതി നിയോഗിച്ച ബഹു.ജസ്റ്റിസ് രാധാകൃഷ്ണൻ കമ്മീഷന്റെ നിരീക്ഷണങ്ങളും ഈ പദ്ധതി നടപ്പാക്കുന്നതിന് അവലംബമാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ